## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5033     15-11-2019-ന് മറുപടിയ്ക്ക്**

## പ്രത്യേക കാർഷിക മേഖലകളിലെ പ്രവർത്തനങ്ങൾ

| ചോദ്യം<br><br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി..എസ്. ജയലാൽ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ | | ഉത്തരം<br><br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെല്ലിനായി രൂപീകരിച്ച പ്രത്യേക കാർഷിക മേഖലകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള ശ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടി കൊടുക്കുവാനുമാണ് നെല്ലിനായി പ്രത്യേക കാർഷിക മേഖലാ പദ്ധതി രൂപീകരിച്ചത്. നെൽ കൃഷിക്കായി ഏഴു പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുക്കര, പാലക്കാട്, വയനാട്, കൈയ്പ്പാട് എന്നിവയാണ്.<br><br>കൃഷിവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും നടപ്പിലാക്കി വരുന്ന വിവിധ നെൽകൃഷി വികസന പദ്ധതികളുടെ സംയോജനം ഈ പദ്ധതി പ്രദേശത്ത് വിഭാവനം ചെയ്യുന്നു. കൂടാതെ നെല്ലുല്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായി വരുന്ന പശ്ചാത്തല സൗകര്യ വികസനത്തിനും നിർണ്ണായക പ്രാധാന്യമുള്ള മറ്റ് അടിയന്തിര ഇടപെടലുകൾക്കുമായി വിനിയോഗിക്കുവാൻ 2018-19 സാമ്പത്തിക വർഷം പ്രത്യേക |

| | | | |
|---|---|---|---|
| | | | കാർഷിക മേഖലാ പദ്ധതിയിൽ ഭരണാനുമതി നൽകി തുക വകയിരുത്തിയിരുന്നു. ആയതിൽ 83.69067 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. എന്നാൽ 2019-20ൽ പ്രത്യേക കാർഷിക മേഖലാ പദ്ധതിക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല. |
| (ബി) | പച്ചക്കറിക്കായുള്ള പ്രത്യേക കാർഷിക മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ പച്ചക്കറികൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി ഇടുക്കി ജില്ലയിലെ കാന്തല്ലൂർ വട്ടവട മേഖലകൾ ഉൾപ്പെടുന്ന ദേവികുളം തിരഞ്ഞെടുത്തിരുന്നു. 2018-19ൽ പ്രസ്തുത മേഖലയിലെ വികസനത്തിനായി 76.45 ലക്ഷം രൂപ പ്രത്യേക കാർഷിക മേഖല എന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗിനുമായിട്ടാണു തുക ചെലവഴിച്ചിട്ടുള്ളത്.<br><br>2019-20 ലെ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി പച്ചക്കറിയുടെ വിളവിസ്തൃതി വ്യാപനവും മൂല്യ വർദ്ധനവും എന്ന പദ്ധതി പ്രകാരം ഇടുക്കി വയനാട് ജില്ലകളിൽ നടപ്പു സാമ്പത്തിക വർഷം 2078.32 ഹെക്ടർ സ്ഥലത്ത് പച്ചക്കറി വ്യാപന പദ്ധതി സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി നടപ്പിലാക്കി വരുന്നു. |
| (സി) | പുഷ്പഫല വർഗ്ഗങ്ങൾക്കായുള്ള പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച പഞ്ചായത്തുകളെ പഴ വർഗ്ഗങ്ങളുടെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പുഷ്പവർഗ്ഗകൃഷിക്കായി 2017-18ൽ വയനാട് ജില്ലയെ 'സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ' ആയി തിരഞ്ഞെടുത്തിരുന്നു. ജില്ലയുടെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന പുഷ്പകൃഷി വികസിപ്പിക്കുന്നതിനായി ടി വർഷം 'പുഷ്പകൃഷി വികസന പദ്ധതി'യിൽ 43.90 ലക്ഷം രൂപ ചിലവഴിച്ച് സുൽത്താൻ ബത്തേരി, പനമരം എന്നീ ബ്ളോക്കുകളിൽ ഏഴു ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിനായി പഞ്ചായത്തുതല സമിതിയും ജില്ലാതല സമിതിയും രൂപീകരിച്ചു. തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക വഴി പുഷ്പകൃഷി വിപുലീകരിച്ചിട്ടുണ്ട്. പുഷ്പങ്ങളുടെ സംഭരണം, വിപണനം എന്നിവ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ പദ്ധതിയിൽ 25,750/- രൂപ ചിലവഴിച്ച് പുഷ്പവിപണന സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയുടെയും ചക്കയിൽ നിന്നുള്ള മൂല്യവർധിത ഉല്പന്ന ങ്ങളുടെയും പ്രചാരണത്തിന് സ്വീകരിച്ച നടപടികൾ വ്യക്ത മാക്കുമോ; | (ഡി) | 2018ൽ ചക്കയെ കേരളത്തിന്റെ ഔദ്യോഗിക ഫലമായി പ്രഖ്യാപിക്കുകയുണ്ടായി. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരം, റീജ്യണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ അമ്പലവയൽ എന്നീ സ്ഥാപനങ്ങൾ ചക്കയുടെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനായി വിവിധ പഠനങ്ങളിൽ ഏർപ്പെട്ടു വരുന്നുണ്ട്. ചക്കയിൽ നിന്നും മറ്റ് കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിതഉല്പന്നങ്ങൾ നിർമ്മിക്കുന്നതി നുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതി 'സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനനസ്സ് കൺസോർഷ്യം' മുഖേന നടപ്പാക്കി വരുന്നുണ്ട്. 2018-19 ൽ ചക്കയിൽ നിന്ന് മൂലവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനു 3 സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. ഭാവിയിൽ കൂടുതൽ സൂക്ഷമ ചെറുകിട സംരംഭങ്ങൾ ഇതിലേക്ക് ആകർഷി ക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | വാഴയുടെ പ്രത്യേക കാർഷിക മേഖലയിൽ നടക്കുന്ന പ്രവർത്ത നങ്ങൾ വിശദമാക്കുമോ? | (ഇ) | 2018-19 സാമ്പത്തിക വർഷത്തിൽ വാഴയുടെ പ്രത്യേക കാർഷിക മേഖലയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ ചങ്ങാലിക്കോടൻ (കാഴ്ചക്കുല) വാഴ കൃഷി ചെയ്യുന്നതിനും, കുലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും താങ്ങുകൊടുക്കൽ തുടങ്ങിയ ഗ്രൂപ്പ് അടിസ്ഥാ നത്തിലുള്ള പ്രവർത്തനങ്ങൾക്കും, പ്രദർശന ത്തോട്ടങ്ങൾക്കും, പരിശീലനത്തിനും, വിപണി മെച്ചപ്പെടുത്തുന്നതിനുമായി 22 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 14.6 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. പ്രത്യേക കാർഷിക മേഖലയ്ക്കായി 2019-20ൽ തുക വകയി രുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ